2



# ചട്ടമ്പിസ്വാമി പഠനങ്ങൾ

എഡിറ്റർ
ഡോ. എ എം ഉണ്ണികൃഷ്ണൻ

പി കെ പരമേശ്വരൻനായർ സ്മാരകഗ്രന്ഥാവലി.
മുപ്പത്തിമൂന്നാമതു പുസ്തകം



ശങ്കരാചാര്യർക്കുശേഷം കേരളം ജന്മം നല്കിയ ഏറ്റവും സ്വതഃപ്രാമാണ്യമുള്ള വ്യക്തിയാണു ചട്ടമ്പിസ്വാമികൾ. മറ്റുസംന്യാസിമാരുടെ സംഭാവനകൾ തത്ത്വചിന്ത, സാഹിത്യം, ചരിത്രനിർമ്മാണം എന്നിവയിൽ ഒതുങ്ങുന്നു. എന്നാൽ ചട്ടമ്പിസ്വാമികളുടേത് അങ്ങനെയല്ല. ഇവയ്ക്കു പുറമെ, ഗവേഷണം, ഭാഷാശാസ്ത്രം, വ്യാകരണം, സാഹിത്യവിമർശനം, പാഠവിമർശനം, വൈജ്ഞാനികമലയാളവികസനം, ചരിത്രരചന, നവോത്ഥാനസൃഷ്ടി, ആധുനികത്വസൃഷ്ടി, കീഴാളത്തനിഷേധം, ലിംഗനീതി, ഫോക്‌ലോർ, സംസ്കാരപഠനം എന്നിങ്ങനെ ഒട്ടേറെ വിജ്ഞാനമേഖലകളുടെ സ്രഷ്ടാവും സ്വാമികളാണ്. അതായത്, കേരളീയ ധൈഷണികചരിത്രത്തിലെ അപൂർവതയും അനന്വയവുമാണ് ചട്ടമ്പിസ്വാമികൾ. ഇങ്ങനെയൊരാൾ അദ്ദേഹത്തിനു മുൻപോ പിൻപോ ഉണ്ടായിട്ടില്ലെന്ന് ഇരുന്നൂറിലധികം മനീഷികൾ ഒന്നുപോലെ ഈ ഗ്രന്ഥത്തിലൂടെ വെളിവാക്കുന്നു.

കവർ ഡിസൈൻ മനോജ് എസ്

ഡിസി ബുക്സ്
www.dcbooks.com
പഠനം

ISBN 978-93-5432-836-7
E-book available
₹ 2999

ചട്ടമ്പിസ്വാമി പഠനങ്ങൾ
2
ഡോ. എ എം ഉണ്ണികൃഷ്ണൻ
എഡിറ്റർ
ഡി സി ബുക്സ്

2



# ചട്ടമ്പിസ്വാമി പഠനങ്ങൾ

എഡിറ്റർ
ഡോ. എ എം ഉണ്ണികൃഷ്ണൻ

Volume 2

MALAYALAM LANGUAGE
Chattampiswami Patanangal (3 Vols.)
STUDY
*Edited by* Dr. A. M. Unnikrishnan
Rights Reserved
First Published September 2021
PUBLISHERS
P. K. Parameswaran Nair Smaraka Trust, Thiruvananthapuram,
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216
DISTRIBUTORS
D C Books-Current Books
INDIA
D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Chattampiswami patanangal
3V., 2792p., 21cm.
ISBN 978-93-5432-836-7
Editor: A. M. Unnikrishnan
1. Malayalam Literature. 2. Study. 1. Unnikrishnan A. M.
894.812.09—dc22
No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.
ISBN 978-93-5432-836-7
Printed in India
at D C Press, Kottayam, INDIA.
D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION
461/21-22-Sl.No. 21938-dcb 7834-800-87676-09-21 hn 60-p na-r(t) ds-d(t) hm

# ഉള്ളടക്കം

## വാല്യം രണ്ട്

### 6. ഗവേഷണവിജ്ഞാനീയം

യുക്തിചിന്തയുടെ സൂര്യതേജസ്സ് 939
ഡോ. വി സി ശ്രീജൻ
മലയാളവൈഷ്ണികചരിത്രത്തിൽ 951
ഡോ. എം ശ്രീനാഥൻ
അന്തർവൈജ്ഞാനികത 961
പ്രവീൺരാജ് ആർ എൽ.
ജ്ഞാനമണ്ഡലവും സ്രോതസ്സുകളും 967
കീർത്തി വിദ്യാസാഗർ
ഗവേഷണവഴി 1016
ഇ കെ പ്രേംകുമാർ
ആദിഭാഷാഗവേഷണം 1021
ഡോ. അശോക് ഡിക്രൂസ്
വേദാധികാരം: രീതിശാസ്ത്രവും ആഖ്യാനവും 1036
ഡോ. സി ഗണേഷ്
വേദാധികാരനിരൂപണത്തിന്റെ യുക്തി 1047
ഡോ. മുനീർ ശൂരനാട്
താർക്കികയുക്തി 1057
പ്രൊഫ. കെ എസ് ആർ പണിക്കർ
തർക്കശാസ്ത്രസമീപനങ്ങൾ 1067
ഡോ. ആദർശ് രത്നാകരൻ
ഗവേഷകൻ 1076
ഡോ. ഡി ബഞ്ചമിൻ
ഗവേഷണപദ്ധതി 1083
ഡോ. എൻ മുകുന്ദൻ

വട്ടെഴുത്തുരേഖകൾ മുതൽ പാശ്ചാത്യഗ്രന്ഥങ്ങൾവരെ തേടിപ്പിടിച്ച് പ്രമാണമാക്കി ഗവേഷണത്തെ സാംസ്കാരികപാഠമാക്കുക എന്ന നിലപാട് മുൻപേ പറന്ന ഉത്തരാധുനികതയാണെന്നു പറയണം. സുബ്ബജടാപാഠികൾ, തൈക്കാട്ട് അയ്യാവ് തുടങ്ങിയ പണ്ഡിതന്മാരുടെ പക്കലുണ്ടായിരുന്ന താളിയോലകളും കൃതികളും മറ്റു പ്രധാന റഫറൻസുകളായി 'പ്രാചീനമലയാളത്തി'ന്റെ രചനയിൽ സ്വാമികൾ പരിഗണിച്ചിരുന്നു. ഭാവിയുടെ നിർമ്മിതിയാണ് ചരിത്രമെന്നും അതിന്റെ പിൻബലം ഭൂതകാലസത്യങ്ങളാണെന്നും തിരിച്ചറിഞ്ഞ അദ്ദേഹം ചരിത്രപ്രധാനമായ ഡോക്യുമെന്റുകളിൽ തന്റെ നിലപാടിന്റെ യുക്തി കണ്ടെത്തിയിരുന്നു. ചരിത്രാത്മക-താരതമ്യാത്മകഗവേഷണസമീപനങ്ങൾ ഒന്നരനൂറ്റാണ്ടുമുൻപ് സ്വാമികൾ സ്വീകരിച്ചത്, തികഞ്ഞ ചരിത്രബോധത്തിൽ നിന്നുകൊണ്ടായിരുന്നു. "കേരളത്തിന്റെ സാമൂഹ്യചരിത്രത്തിന്റെ ആദ്യത്തെ അധ്യായങ്ങളിലേക്കു സമർത്ഥമായ രീതിയിൽ ചുറ്റുപാടുംനിന്നു വെളിച്ചംവീശുവാൻ പ്രാചീനമലയാളമെന്ന അപൂർവ്വഗ്രന്ഥത്തിൽ അദ്ദേഹത്തിനു സാധിച്ചിരിക്കുന്നു" എന്ന നടരാജഗുരുവിന്റെ വാക്കുകൾ ചട്ടമ്പിസ്വാമിയുടെ ഗവേഷണഗൗരവം കാട്ടിത്തരുന്നുണ്ട്.

പഴങ്കഥകളിൽ കെട്ടിക്കിടന്ന ചരിത്രകൗതുകങ്ങളിൽനിന്നു ചരിത്രബോധത്തെ മോചിപ്പിക്കാനുള്ള സ്വാമിയുടെ ശ്രമങ്ങൾക്കു മേലാളവർഗ്ഗം അവഗണനയാണു നല്കിയത്. അതിനു തെളിവാണു ചട്ടമ്പിസ്വാമികളുടെ ആധികാരികരചനകൾപോലും വെളിച്ചംകാണാൻ നീണ്ടകാലം കാത്തിരിക്കേണ്ടിവന്നത്.



# ആദിഭാഷാഗവേഷണം

ഡോ. അശോക് ഡിക്രൂസ്

മനുഷ്യരാശിയെ മാനവികതയിലേക്കും സ്വാതന്ത്ര്യത്തിലേക്കും പുരോഗതിയിലേക്കും നയിക്കുന്ന നവോത്ഥാനത്തിന്റെ അലയൊലികൾ പത്തൊൻപതാംനൂറ്റാണ്ടിലാണ് ഇന്ത്യയിലും പ്രത്യക്ഷപ്പെട്ടത്. നവോത്ഥാനത്തിന്റെ ആദ്യകിരണങ്ങൾ ബംഗാളിലായിരുന്നു പതിച്ചതെങ്കിലും കേരളത്തിലും ഏതാണ്ട് അതേകാലത്തുതന്നെ ഈ പ്രവണതകൾ പ്രതിഫലിച്ചു. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപകുതിയിൽത്തന്നെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയമണ്ഡലങ്ങളിൽ വിപ്ലവകരമായ പരിവർത്തനങ്ങളുണ്ടായി. മതപരമായ കാര്യങ്ങളിലും പരിവർത്തനങ്ങളുടെ കാലമായിരുന്നു അത്. ബംഗാളിൽ ശ്രീരാമകൃഷ്ണപരമഹംസനും സ്വാമിവിവേകാനന്ദനും ഈശ്വരചന്ദ്രവിദ്യാസാഗറും ഏറ്റെടുത്ത നവോത്ഥാനസമാരംഭങ്ങൾക്കു കേരളത്തിൽ ചട്ടമ്പിസ്വാമികളും തുടർന്നു നാരായണഗുരുവും വാഗ്ഭടാനന്ദനും നേതൃത്വംനല്കി. മതവിശ്വാസങ്ങളിലും ആചാരങ്ങളിലും നൂറ്റാണ്ടുകളായി അടിഞ്ഞുകൂടിയ അനാചാരങ്ങളെയും ജാതീയമായ ഉച്ചനീചത്വങ്ങളെയും ഉച്ചാടനം ചെയ്യാനായിരുന്നു അവർ ശ്രമിച്ചത്.

കേരളത്തിന്റെ സാമൂഹികനവോത്ഥാനത്തിൽ നിർണായകസംഭാവനകൾ നല്കിയ ആത്മീയാചാര്യനാണു ചട്ടമ്പിസ്വാമികൾ. ഒരുകാലത്തു കേരളീയസമൂഹം ചർച്ചചെയ്യാൻ മടിച്ചുനിന്ന വിഷയങ്ങളിലേക്കു ശ്രദ്ധയൂന്നിക്കൊണ്ടായിരുന്നു ചട്ടമ്പിസ്വാമികൾ തന്റെ സാന്നിധ്യം അറിയിച്ചത്. സ്വാമി തികഞ്ഞ പണ്ഡിതനായിരുന്നു. സംഗീതം, നൃത്തം, ചിത്രമെഴുത്തു തുടങ്ങി സകലകലകളിലും നിപുണനായിരുന്നു. പഠനവും ഗവേഷണവും അദ്ദേഹത്തിന് നിരന്തരതപസ്യയായിരുന്നു. അദ്വൈതദർശനത്തിന്റെ പിൻബലത്തോടെ ജാതിവ്യവസ്ഥയുടെ അർത്ഥശൂന്യതയെ വ്യക്തമാക്കുന്ന മലയാളത്തിലെ ആദ്യത്തെ കൃതികളാണു വേദാധികാരനിരൂപണവും മറ്റും. അവ മതത്തിന്റെയും ജാതിയുടെയും പേരിലുള്ള ക്രൂരതകൾക്കെതിരെ ജനങ്ങളെ ബോധവാന്മാരാക്കി. അന്നുണ്ടായിരുന്ന ചരിത്രഗ്രന്ഥങ്ങളിലെ പക്ഷപാതപരമായ സമീപനങ്ങളെ തുറന്നുകാട്ടി, ജാതിവ്യവസ്ഥയിൽ ചവിട്ടിത്താഴ്ത്തപ്പെട്ട വിഭാഗങ്ങൾ ഒരിക്കൽ സാംസ്കാരികവും സാമ്പത്തികവുമായ വികസനത്തിൽ വഹിച്ച പങ്കു വ്യക്തമാക്കി അവർക്കു സ്വാഭിമാനമുണ്ടാക്കി മറ്റുള്ളവരോടൊപ്പം നില്ക്കാനുള്ള കരുത്തുനല്കുന്ന സ്വാമിയുടെ കൃതികൾ എന്ന പി ഗോവിന്ദപ്പിള്ളയുടെ അഭിപ്രായം ശ്രദ്ധേയമാണ്.

നവോത്ഥാനത്തിന്റെ ചരിത്രം ദേശഭേദമെന്യേ പ്രാദേശികഭാഷകളുടെ വികസനത്തിന്റെയും ചരിത്രമാണ്. പ്രാദേശികഭാഷയുടെ വികസനവും

വിദ്യാഭ്യാസത്തിന്റെ ലഭ്യതയും കേരളത്തിലെ നവോത്ഥാനത്തിന്റെയും മുഖ്യസവിശേഷതയായിരുന്നു. അറിവു താഴെത്തട്ടിലുള്ളവരിലേക്കും എത്തണമെങ്കിൽ അത്തരം അറിവുകൾ പകർന്നുകൊടുക്കേണ്ടത് അവരവരുടെ ഭാഷയിൽത്തന്നെയായിരിക്കണം എന്ന ബോധ്യം ചട്ടമ്പിസ്വാമികൾക്കുണ്ടായിരുന്നു. അന്നത്തെ ജീർണിച്ച സാമൂഹികവ്യവസ്ഥയെക്കുറിച്ചു ജനങ്ങളെ ബോധവത്കരിക്കാൻ പ്രയോജനപ്രദമായ ഗ്രന്ഥങ്ങൾ ആദ്യമായി മലയാളത്തിൽ രചിക്കുന്നതു ചട്ടമ്പിസ്വാമികളാണ്. സംസ്കൃതത്തിൽ മാത്രം അന്നേവരെ ലഭ്യമായിരുന്ന പല ആദ്ധ്യാത്മികവിഷയങ്ങളും സാധാരണക്കാരന്റെ ഭാഷയിൽ ലഭ്യമാക്കിയതും സ്വാമികളാണ്.

അദ്വൈതദർശനത്തിന്റെ പിൻബലത്തോടെ ജാതിവ്യവസ്ഥയുടെ അർത്ഥശൂന്യതയെ വ്യക്തമാക്കുന്ന മലയാളത്തിലെ ആദ്യത്തെ കൃതിയാണു വേദാധികാരനിരൂപണം. പ്രാചീനമലയാളം, പ്രപഞ്ചത്തിൽ സ്ത്രീപുരുഷന്മാർക്കുള്ള സ്ഥാനം, ജീവകാരുണ്യനിരൂപണം, അദ്വൈതചിന്താപദ്ധതി എന്നിങ്ങനെയുള്ള ചട്ടമ്പിസ്വാമികളുടെ കൃതികൾ അക്കാലത്തു കേരളത്തിലെ സാമൂഹികപരിഷ്കരണപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്. അക്കൂട്ടത്തിൽ സവിശേഷശ്രദ്ധയർഹിക്കുന്ന കൃതിയാണ് ആദിഭാഷ. സംസ്കൃതമഹത്ത്വവാദം അസംബന്ധമാണെന്നു സ്ഥാപിക്കാനാണു ചട്ടമ്പിസ്വാമികൾ ആദിഭാഷയിലൂടെ ശ്രമിക്കുന്നത്. ചട്ടമ്പിസ്വാമികളുടെ ഗവേഷണപ്രതിഭ ഏറ്റവും കൂടുതൽ തിളങ്ങിനില്ക്കുന്നത് ആദിഭാഷയിലാണ്. അതുകൊണ്ടുതന്നെയാണ് ഈ കൃതി സവിശേഷപഠനത്തിനു തിരഞ്ഞെടുത്തിരിക്കുന്നത്.

## ആദ്ധ്യാത്മികതയും അനൗപചാരികഗവേഷണവും

അറിയാനുള്ളതെന്തോ ഇനിയും അവശേഷിക്കുന്നുണ്ടെന്ന തോന്നലും അതിനെ പൂരിപ്പിക്കാനുള്ള ശ്രമവുമാണ് ആദ്ധ്യാത്മികതയുടെയും ഗവേഷണത്തിന്റെയും അടിസ്ഥാനം. കേവലകൗതുകങ്ങൾ ജിജ്ഞാസയിലേക്കു തിരിയുകയും അതു നിലവിലുള്ള അറിവിന്റെ യുക്തിയും മൗലികതയും ചോദ്യംചെയ്യുകയും ചെയ്യുന്നതോടെ ഓരോ അന്വേഷണവും (ഗവേഷണവും) പ്രസക്തമാകുന്നു. അതോടുകൂടി, കാര്യമായ അന്വേഷണങ്ങൾ കടന്നുചെല്ലാത്ത വിജ്ഞാനമേഖലകൾ തുറക്കപ്പെടും. പഠനങ്ങളുടെ അപര്യാപ്തതയും പുത്തൻപ്രതിഭാസങ്ങളുടെ കടന്നുവരവും പുതിയ അറിവുകളുടെ അടിസ്ഥാനത്തിലുള്ള പുനർവായനകളും വ്യത്യസ്തമായ കാഴ്ചപ്പാടുകൾ സ്വീകരിച്ചുകൊണ്ടുള്ള അപഗ്രഥനസാധ്യതകളുമാണു പുതിയ അന്വേഷണങ്ങളിലേക്കു മനുഷ്യരെ നയിക്കുന്നത്.

കെ എം പ്രഭാകരവാരിയർ (1998:748) അനൗപചാരികഗവേഷണപരിശ്രമങ്ങളെ നാലായി തിരിക്കുന്നുണ്ട്. സാഹിത്യചരിത്രങ്ങളിലെ പരാമർശങ്ങൾ, സാഹിത്യനിരൂപണത്തിന്റെ ഭാഗങ്ങൾ, പ്രാചീനഗ്രന്ഥങ്ങൾ, വിഷയനിഷ്ഠമായ അന്വേഷണങ്ങൾ എന്നിവയാണ് ആ നാലുഘടകങ്ങൾ. മലയാളഭാഷയുടെ ഘടന, ചരിത്രം, പ്രയോഗം എന്നിവയെക്കുറിച്ചു പുതിയ





വിജ്ഞാനങ്ങൾ ലഭ്യമാക്കാൻ ഔപചാരികവും അനൗപചാരികവുമായ ഒട്ടേറെ പഠനങ്ങൾ നിരന്തരം നടക്കുന്നുണ്ട്. എന്നാൽ, മലയാളഭാഷാപഠനങ്ങൾക്കു പരിശ്രമിച്ചിട്ടുള്ള വിദേശഭാഷാപണ്ഡിതന്മാരെല്ലാം പറഞ്ഞുവയ്ക്കുന്നതു മലയാളത്തിലെ പല മേഖലകളിലും ആധികാരികമായ വിജ്ഞാനം ലഭ്യമല്ല എന്നാണ്. Despite a good number of research publications on Malayalam linguistics, this language has not yet been adequately studied from the modern view point എന്ന് ആന്ദ്രനോവും, മലയാളത്തിന്റെ സ്വനപരമായ പ്രത്യേകതകളെക്കുറിച്ചു ലഭ്യമായ വിജ്ഞാനം പരിമിതമാണെന്ന് ആഷറും അഭിപ്രായപ്പെടുന്നു. അതുപോലെതന്നെ സമ്പൂർണമായ ഒരു ഭാഷാചരിത്രവും മലയാളത്തിനു ലഭ്യമല്ല.

അനൗപചാരികഗവേഷണരംഗത്തു വ്യക്തിമുദ്രപതിപ്പിച്ചവരെക്കുറിച്ചു പറയുമ്പോൾ ഉള്ളൂർ എസ് പരമേശ്വരയ്യർ, ഡോ. കെ എം ജോർജ്, കുട്ടികൃഷ്ണമാരാർ, ഡോ. കെ എം പ്രഭാകരവാരിയർ, ഇളംകുളം കുഞ്ഞൻപിള്ള, ശൂരനാട് കുഞ്ഞൻപിള്ള, എൽ വി രാമസ്വാമി അയ്യർ, സാഹിത്യപഞ്ചാനനൻ പി കെ നാരായണപിള്ള, പുതുശ്ശേരി രാമചന്ദ്രൻ എന്നിവർക്കൊപ്പം സി എൽ ആന്റണി, സി വി വാസുദേവഭട്ടതിരി, വി ആർ പ്രബോധചന്ദ്രൻ നായർ, ഇ എം എസ്, പി ഗോവിന്ദപിള്ള, നടുവട്ടം ഗോപാലകൃഷ്ണൻ, ടി ബി വേണുഗോപാലപ്പണിക്കർ, എം പി ശങ്കുണ്ണിനായർ, ഡോ. എം ലീലാവതി, ഇ വി എൻ നമ്പൂതിരി, പി വി വേലായുധൻപിള്ള, എ പി ആൻഡ്രൂസ് കുട്ടി, കെ എൻ എഴുത്തച്ഛൻ, എൻ ആർ ഗോപിനാഥപിള്ള എന്നിവരെയും ഉൾപ്പെടുത്താറുണ്ട്. എന്നാൽ, ഈ കൂട്ടത്തിൽ ഉൾപ്പെടാതെ പോയതും മലയാളഭാഷാഗവേഷണരംഗത്തു ശ്രദ്ധേയമായ സംഭാവനകൾ നല്കിയിട്ടും വേണ്ടത്ര പരിഗണിക്കപ്പെടാതെപോയതുമായ പണ്ഡിതനാണു ചട്ടമ്പിസ്വാമികൾ.

## ഗവേഷണവും ഭാഷാസാഹിത്യഗവേഷണവും

ഇംഗ്ലീഷിലെ Research എന്ന വാക്കിനു തുല്യമായി മലയാളത്തിൽ ഗവേഷണം എന്നാണു പ്രയോഗിക്കുന്നത്. പശുവിനെത്തേടുക എന്ന ലക്ഷ്യത്തിൽനിന്നു സർവംകഷമായ അന്വേഷണത്തിലേക്കുള്ള വികാസത്തിന്റെ കഥയാണു 'ഗവേഷണം' എന്ന വാക്കിനു പറയാനുള്ളത്. ക്രിസ്തുവിനു രണ്ടായിരംവർഷം മുൻപെങ്കിലും ജീവിച്ചിരുന്ന(?) ദാക്ഷീപുത്രനു 'ഗവേഷണം' സുപരിചിതമായിരുന്നു; ആ പദത്തിന്റെ നിരുക്തി അന്നു പണ്ഡിതശ്രദ്ധയ്ക്കു വിഷയവുമായിരുന്നു. ഗവേഷണപദത്തിന്റെ സന്ധിനിർദ്ദേശത്തിനുമാത്രമായി അഷ്ടാധ്യായിയിൽ ഒരു സൂത്രം നിബന്ധിക്കേണ്ടിവന്നു എന്നതു യാദൃച്ഛികമാകാൻ വയ്യ. 'ഗവേഷണ'ത്തിൽ സ്ഫോടായനൻ എന്ന പൂർവസൂരിയായിരുന്നു ശാലാതുരീയനു മാർഗദർശി. ലബ്ധപ്രതിഷ്ഠരായ പൂർവാചാര്യന്മാരുടെ നിരീക്ഷണങ്ങൾ സ്വീകരിക്കാവുന്നിടത്തോളം സ്വീകരിക്കുക എന്നതായിരുന്നു പാണിനിയുടെ വഴി. ഗോ+ഏഷണ എന്നു നില്ക്കുമ്പോൾ ഗോ ശബ്ദത്തിലെ 'ഓ' കാരത്തിന് 'അവാ'ദേശം വരുമെന്നാണ് - അവങ്സ്ഫോടായനസ്യ- സ്ഫോടായനവിധി. ഗോ+ഏഷണ > ഗവ+ഏഷണ > ഗവേഷണ >

ഗവേഷണം (ം) എന്നു രൂപസിദ്ധി. ഗവാക്ഷം എന്ന വാക്കിന്റെ സന്ധിയും ഇങ്ങനെതന്നെ' എന്നാണു വൈയാകരണൻ കൂടിയായ എൻ ആർ ഗോപിനാഥപിള്ള നിരീക്ഷിക്കുന്നത്. ഇത്തരമൊരു സന്ധികാര്യം അറിയാത്തതുകൊണ്ടാണോ എന്തോ ഗവേഷണത്തിനു പിന്നീടു മറ്റൊരു നിരുക്തി കൂടി പ്രചാരത്തിൽ വന്നു. 'ഗവേഷ' എന്നൊരു ധാതു ചുരാതി ഗണത്തിലുണ്ട്. മാർഗണം എന്നാണ് അതിന് അർഥം കല്പിച്ചിരിക്കുന്നത്. മാർഗണം എന്നാൽ അന്വേഷണം. ഈ ഗവേഷണശബ്ദത്തോടു കൃത് പ്രത്യയമായ 'അനം' ചേർന്ന രൂപമാണു 'ഗവേഷനം' അഥവാ ഗവേഷണം.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും സാഹിത്യഗവേഷണത്തെ നിർവചിക്കാനുള്ള കാര്യമായ ശ്രമങ്ങൾ ഇതുവരെ നടന്നിട്ടില്ല. മാനവികവിഷയങ്ങൾക്കു സാധാരണ നല്കാറുള്ള നിർവചനങ്ങൾ തന്നെയാണു സാഹിത്യഗവേഷണങ്ങൾക്കുമേലും ആരോപിക്കപ്പെടുന്നത്. ചരിത്രവും സാമൂഹികശാസ്ത്രവും വിദ്യാഭ്യാസവും പിന്തുടരുന്ന, ഏതാണ്ടൊരു യാന്ത്രികമായ ചട്ടക്കൂടിനുള്ളിലേക്കു സാഹിത്യഗവേഷണത്തെക്കൂടി തിരുകിക്കയറ്റാനുള്ള ശ്രമവും നടക്കുന്നുണ്ട്. എങ്കിലും, ഗവേഷണവിഷയത്തിൽനിന്ന് ഒട്ടൊരു നിർലേപതയോടെ നിശ്ചിതമായ അകലം പാലിച്ചുനില്ക്കുക, ആത്മാംശം പരമാവധി ഒഴിവാക്കുക, ദത്തങ്ങളോടു വിട്ടുവീഴ്ചയില്ലാതെ സത്യസന്ധത പുലർത്തുക, ദത്തങ്ങളുടെ അപഗ്രഥനം ആസ്പദമാക്കി നിഗമനങ്ങളിലെത്തിച്ചേരുക, ഏതു നിഗമനത്തെയും യുക്തികളും തെളിവുകളും ഉന്നയിച്ചു സമർഥിക്കുക, വസ്തുക്കളുടെയും യുക്തികളുടെയും പിൻബലമില്ലാത്ത ഏതു വെളിപാടും അതെത്ര പ്രിയപ്പെട്ടതായാലും ഒഴിവാക്കുക. ഈ തത്ത്വങ്ങളിൽ അധിഷ്ഠിതമായ ഒരു രീതിശാസ്ത്രം പിന്തുടരാൻ ഗവേഷകൻ ബാദ്ധ്യസ്ഥനാണ് എന്ന ഡോ. ഡി ബെഞ്ചമിന്റെ അഭിപ്രായം പ്രസക്തമാകുന്നത് അതുകൊണ്ടാണ്.[2]

"നിരീക്ഷണപരീക്ഷണങ്ങളിലൂടെ ഉരുത്തിരിഞ്ഞുവരുന്ന നിഗമനങ്ങൾ നിസ്സംഗതയോടെ പ്രസ്താവിക്കുകയാണ് ഗവേഷണത്തിന്റെ ലക്ഷ്യം" (ചാത്തനാത്ത് അച്യുതനുണ്ണി 1981:1).

"സാമാന്യവ്യവഹാരത്തിൽ ഗവേഷണമെന്നത് അറിവിനുവേണ്ടിയുള്ള അന്വേഷണത്തെ സൂചിപ്പിക്കുന്നു. ഒരു നിശ്ചിതവിഷയത്തിലുള്ള യഥായോഗ്യവിവരത്തിനുള്ള ശാസ്ത്രീയവും ക്രമാനുഗതവുമായ അന്വേഷണമെന്നു ഗവേഷണത്തെ നിർവചിക്കാൻ കഴിയും. യഥാർഥത്തിൽ ഗവേഷണമെന്നതു ശാസ്ത്രീയസൂക്ഷ്മാന്വേഷണത്തിന്റെ കലവറയാണ്" (എം വി വിഷ്ണുനമ്പൂതിരി 2001:1, സി ആർ കോത്താരിയുടെ 'ഗവേഷണരീതിശാസ്ത്രം' (1991) എന്ന കൃതിയിൽനിന്നു സ്വീകരിച്ചത്).

"നിരീക്ഷണപരീക്ഷണങ്ങളോ മറ്റേതെങ്കിലും ക്രമബദ്ധമായ പദ്ധതിയോ സവിശേഷസംഭവത്തിന്റെ പിന്നിലുള്ള ഹേതുക്കളും പഠിക്കാനുള്ള നടപടിക്രമമോ വഴി വ്യവിഷയത്തിന്റെ സ്വഭാവവും നിർണയിക്കാനുള്ള ത്പാദിപ്പിക്കപ്പെടുന്ന വ്യവസ്ഥിതമായ അറിവ്" (എം വി വിഷ്ണുനമ്പൂതിരി





2001:2, ദേവേന്ദ്ര താക്കൂറിന്റെ 'Research Methodology in Social Sciences' (1993) എന്ന കൃതിയിൽനിന്നു സ്വീകരിച്ചത്).

"ഗവേഷണം ഒരു കലയാണ്. വിജ്ഞാനത്തിന്റെ ഏതു ശാഖയിലും ഗവേഷണത്തിനു സാധ്യതയുണ്ട്. എന്തിനുവേണ്ടിയാണെങ്കിലും അതിന്റെ രീതി ശാസ്ത്രീയമായിരിക്കണം. വിശദീകരണം തേടിയുള്ള അന്വേഷണം ഗവേഷണമാണ്" (നടുവട്ടം ഗോപാലകൃഷ്ണൻ 2002:2).

"ശാസ്ത്രീയവും ക്രമബദ്ധവുമായ അന്വേഷണമാണു ഗവേഷണം; ശാസ്ത്രീയമെന്നു പറയുമ്പോൾ പ്രധാനമായും ഉദ്ദേശിക്കുന്നതു വസ്തുനിഷ്ഠതയാണ്. ക്രമബദ്ധതയെന്നു പറയുമ്പോൾ ചിട്ടയോടുകൂടിയത് എന്നും. എന്നാൽ പരീക്ഷണശാലയിലെ പരീക്ഷണനിരീക്ഷണങ്ങളിലൂടെ നടത്തുന്ന ഭൗതികശാസ്ത്രഗവേഷണങ്ങൾക്ക് അവകാശപ്പെടാവുന്ന വസ്തുനിഷ്ഠത സാഹിത്യഗവേഷണത്തിനുണ്ടാകുമെന്നു കരുതുകവയ്യ" (ഡി ബെഞ്ചമിൻ 2012:10).

മേൽപ്പറഞ്ഞിരിക്കുന്ന നിർവചനങ്ങളിലെല്ലാം സ്ഥാപിക്കപ്പെടുന്നതു ശാസ്ത്രീയയുക്തിയാണ്. അതേസമയം മാനവിക-സാമൂഹികശാസ്ത്രവിഷയങ്ങളിൽ ഏറ്റവും കൂടുതൽ ആശങ്കപ്പെടുന്നത് അതിന്റെ രീതിയെയും രീതിശാസ്ത്രത്തെയുംകുറിച്ചാണ്. ശാസ്ത്രവിഷയങ്ങളിൽ ഇത്തരം ഉത്കണ്ഠകൾ കാണുന്നതുമില്ല. ശരീരമെടുത്ത സിദ്ധാന്തമാണു രീതിശാസ്ത്രമെന്നു പറയാറുണ്ട്. ഒരുപക്ഷേ അതുകൊണ്ടായിരിക്കാം ശാസ്ത്രവിഷയങ്ങൾക്ക് അത്തരം ഉത്കണ്ഠകൾ ബാധകമാകാത്തത്.

ഗവേഷണത്തിനുവേണ്ടത് അമേച്വർ ക്യൂരിയോസിറ്റിയാണെന്നു മിഷേൽ ഫൂക്കോ പറയുന്നുണ്ട്. സൂക്ഷ്മവും അടിസ്ഥാനപരവുമായ ജിജ്ഞാസയാണത്. ഗവേഷണത്തിലൂടെ യാഥാർത്ഥ്യത്തെ അറിവായി പകർത്തുക എന്നതിനപ്പുറം അറിവിനുതന്നെ യാഥാർത്ഥ്യമുണ്ട് എന്ന കാഴ്ചപ്പാടിൽവേണം അക്കാര്യം ചർച്ചചെയ്യേണ്ടത്. അത്തരമൊരു സമീപനമാണു ചട്ടമ്പിസ്വാമികളുടെ ആദിഭാഷയിൽ കാണുന്നത്.

## ആദിഭാഷയും ചട്ടമ്പിസ്വാമികളുടെ ഗവേഷണരീതിയും

ഭാഷാചരിത്രനിർമ്മിതിക്കു പ്രധാനമായും മൂന്നുസമീപനരീതികളാണുള്ളത്. കാലഘട്ടാസ്പദം, ശാഖാസ്പദം, വ്യാകരണരൂപാസ്പദം എന്നിവയാണവ. തുടക്കംമുതൽ ഇന്നുവരെയുള്ള ഭാഷാവികാസത്തെ ഘട്ടങ്ങളായി വിഭജിച്ച്, ഓരോ ഘട്ടത്തിലെയും ഭാഷാസ്വഭാവം വ്യക്തമാക്കുന്ന രീതിയാണു കാലഘട്ടാസ്പദം. ഒരേകാലത്തു പ്രത്യക്ഷപ്പെട്ട വ്യത്യസ്തസാഹിത്യശാഖകളിലെ ഭാഷകൾ വിഭിന്നസ്വഭാവങ്ങൾ പ്രദർശിപ്പിക്കും. അതുകൊണ്ട്, കാലഘട്ടത്തെ മാത്രം അടിസ്ഥാനമാക്കിയുള്ള ഭാഷാപഗ്രഥനങ്ങൾക്കു ഭാഷാചരിത്രത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാൻ കഴിയില്ല. സാഹിത്യശാഖകളെ ഓരോന്നായി വിശകലനംചെയ്യുന്നതിന്റെ ആവശ്യകതയും അതാണ്. ഈ രീതിയാണു ശാഖാസ്പദം. വ്യാകരണരൂപങ്ങളെ ഓരോന്നായെടുത്ത് അതിന്റെ പരിണാമചരിത്രം പരിശോധിക്കുന്ന രീതിയാണു വ്യാകരണരൂപാസ്പദം. വിഭക്തിപ്രത്യയങ്ങൾ, വചനപ്രത്യയങ്ങൾ, ലിംഗപ്ര

ത്യയങ്ങൾ, പ്രകാരപ്രത്യയങ്ങൾ എന്നിവയുടെ ചരിത്രം ഓരോന്നായി വി
ശകലനം ചെയ്ത് അവയ്ക്കോരോന്നിനും സംഭവിച്ച മാറ്റങ്ങൾ സൂക്ഷ്മമായി
അവതരിപ്പിക്കാൻ കഴിയും എന്ന സവിശേഷതയും ഈ സമീപനത്തിന
ണ്ട്. എങ്കിലും, ഒറ്റപ്പെട്ട വ്യാകരണരൂപങ്ങളുടെ ചരിത്രത്തിൽനിന്ന് സമ്പൂർ
ണ്ണഭാഷാചരിത്രം സൃഷ്ടിക്കുന്നത് അത്ര എളുപ്പമല്ല. എന്നാൽ, ഭാഷയുടെ
സമഗ്രപരിണാമം എന്ന സങ്കല്പത്തെ വിശദമാക്കാൻ ചട്ടമ്പിസ്വാമികൾ തി
രഞ്ഞെടുത്തിരിക്കുന്നതു വ്യാകരണരൂപാസ്പദമായ രീതിശാസ്ത്രമാണ്.

അക്ഷരനിരൂപണം, സന്ധിനിരൂപണം, പദവ്യവസ്ഥാനിരൂപണം,
ലിംഗനിരൂപണം, വചനനിരൂപണം, വിഭക്തിനിരൂപണം, ധാതുനിരൂപ
ണം, തമിഴ്സംസ്കൃതാദിതാരതമ്യം, ആദിഭാഷ എന്നിങ്ങനെ ഒൻപതുഭാഗ
ങ്ങളായിട്ടാണ് ആദിഭാഷ ചിട്ടപ്പെടുത്തിയിരിക്കുന്നത്.

*ഭൂലോകത്തു ജനങ്ങൾ ഓരോരോ ഭാഷകളെ അവലംബിച്ചിരിക്കുന്ന*
*തായും, ഇരുന്നിരുന്നതായും ഭാഷാചരിത്രങ്ങളിൽനിന്നും അറിയുന്നു. ഈ*
*ഭാഷകളെല്ലാം വീചീതരംഗന്യായേന് ഏതോ ഒരു ആദിഭാഷയിൽ ഒരു*
*ദിക്കിൽ തുടങ്ങി ക്രമേണ നാനാവഴിക്കും പരന്നിട്ടുള്ളതോ കദംബമുകുള*
*ന്യായ്പ്രകാരം അവിടവിടെ ഉണ്ടായി പ്രചരിച്ചിട്ടുള്ളതോ ഏതാണെന്ന*
*പ്രസ്തുതവിഷയത്തെ ആസ്പദമാക്കി ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതിലേക്കു*
*നാം തുടങ്ങുമ്പോൾ മനുഷ്യജീവികളുടെ ഉത്പത്തിപ്രചാരങ്ങളും നമ്മുടെ ചി*
*ന്തയ്ക്കു വിഷയീഭവിക്കാതെ തരമില്ല. മനുഷ്യർ ഭൂഖണ്ഡത്തിൽ ഏതെങ്കിലും*
*ഒരു ഭാഗത്തുണ്ടായി അവിടെനിന്നു പല ദേശങ്ങളിലേക്കു പിരിഞ്ഞുപോ*
*യിട്ടുള്ളതോ അതല്ല മനുഷ്യർ ഉണ്ടാകുന്നതിനുള്ള ഭൂപാകം ശരിപ്പെട്ടപ്പോൾ*
*അവിടെ തനിയേ ഉണ്ടായതോ?*

*ഈ ചോദ്യത്തിൽ രണ്ടാമത്തെ ഭാഗം ചരിത്രകാരന്മാർ സമ്മതിക്കു*
*ന്നില്ല. മനുഷ്യർ എവിടെയോ ഒരിടത്തു ഉണ്ടായി പിരിഞ്ഞു പോയിട്ടുള്ളതാ*
*ണെന്നു തെളിയിക്കാൻ അവർ ശ്രമിക്കയും ചെയ്യുന്നു. അതു വാസ്തവമാകുന്ന*
*സ്ഥിതിക്കു മനുഷ്യകുടുംബത്തിനു പ്രകൃതിസിദ്ധമായ ഒരു ആദിഭാഷ ആദി*
*കാലത്ത് ഉണ്ടായിരിക്കണം. പിന്നീട് ആ പൂർവ്വകുടുംബം അനേക ശാഖക*
*ളായി പിരിയുന്നതോടുകൂടി അതിന്റെ ഭാഷയ്ക്കും ഏറെക്കുറെ വിഭിന്നത്വം സം*
*ഭവിച്ചിരിക്കണം. ഇന്നുകാണുന്ന ഭാഷാവൈജാത്യത്തിന് ഒരു തീർച്ചയായ*
*സമാധാനമായി വിചാരിക്കുന്നത് ഇതിനെയാണ്. ഭാഷാചരിത്രകാരന്മാർ*
*ഈ വിവിധഭാഷകളെ എല്ലാംകൂടി മൂലഭാഷകളിൽ അടക്കിയിരിക്കുന്നു.*
*ഒന്നു സംസ്കൃതവും മറ്റേതു തമിഴും ആണ്. അതായത് ആര്യഭാഷയും ദ്രാവിഡ*
*ഭാഷയും തന്നെ.* ഈ പ്രാരംഭത്തോടുകൂടിയാണ് ആദിഭാഷ ആരംഭിക്കുന്ന
ത്. ആദിഭാഷയിൽ ഉന്നയിക്കുന്ന വാദങ്ങളുടെ സൂചനകൾ പ്രാരംഭത്തിൽ
നിന്നുതന്നെ ലഭ്യമാണ്.

## അക്ഷരനിരൂപണം

സംസ്കൃതമാണോ തമിഴാണോ ആദിഭാഷ എന്ന നിരൂപിക്കേണ്ടിയി
രിക്കുന്നു എന്ന ഗവേഷണലക്ഷ്യം പ്രസ്താവിച്ചുകൊണ്ടാണ് അക്ഷരനിരൂപ





ണം ആരംഭിക്കുന്നത്. ഭാഷയുടെ ശബ്ദശാസ്ത്രം വിശകലനം ചെയ്തുകൊണ്ടുള്ള
തുടക്കം യഥാർത്ഥത്തിൽ ആധുനികഗവേഷണസങ്കല്പങ്ങളുമായി ഒത്തുപോ
കുന്നതാണ്. സംസ്കൃതഭാഷയിലെ അക്ഷരങ്ങളെയും തമിഴ് അക്ഷരങ്ങളെ
യും താരതമ്യംചെയ്തുകൊണ്ടാണ് അക്ഷരനിരൂപണം ആരംഭിക്കുന്നത്.
അകാരത്തിനുശേഷം ആകാരവും അനന്തരം ഇകാരവും ഇങ്ങനെ എഴുത്തുക
ളിലുള്ള ക്രമങ്ങളെല്ലാം യുക്തിക്കനുഗുണമായി ഏർപ്പെടുത്തപ്പെട്ടതായിരിക്കു
ന്നു. ശുദ്ധവ്യഞ്ജനങ്ങളായ ക്, ങ് മുതലായ അക്ഷരങ്ങൾ സ്വരനിരപേക്ഷ
മായി ഉച്ചരിക്കാൻ കഴികയില്ല. അതുകൊണ്ടു സ്വരങ്ങൾ വ്യഞ്ജനങ്ങൾക്ക്
ആദ്യമായി ചേർത്തതാണ്. ഈ രീതിയനുസരിച്ച തമിഴിൽ സ്വരവ്യഞ്ജന
നാമങ്ങൾ കൊടുത്തതത്രേ. 'ഉയിർ' (സ്വരം) എന്നുവച്ചാൽ ആത്മാ, മെയ്യ്
എന്നത് (വ്യഞ്ജനം) ശരീരം ആത്മാവില്ലാതെ ദേഹം നിരുപയോഗമായി
രിക്കും പോലെ സ്വരമില്ലാതെ വ്യഞ്ജനം നിഷ്പ്രയോജനമായിരിക്കുന്നു. ഈ
യുക്തിയെ മുൻനിർത്തിത്തന്നെ സംസ്കൃതത്തിൽ ഉയിരെഴുത്തിനു സ്വരം
എന്നു നാമം നല്കിയിരിക്കുന്നു. എന്നിങ്ങനെ, സംസ്കൃതത്തെ അപേക്ഷിച്ച്
തമിഴിൽ അക്ഷരങ്ങൾ കുറവാണ് എന്ന സന്ദേഹത്തിന് അടിസ്ഥാനമില്ലെ
ന്നു തെളിയിക്കാനാണ് ചട്ടമ്പിസ്വാമികൾ ആദ്യമായി ശ്രമിക്കുന്നത്.

സംസ്കൃതഭാഷ നടപ്പാകുന്നതിനു മുൻപു പ്രാകൃതം ദേശഭാഷയായി
രുന്നുവെന്നും, ചില ബുദ്ധിമാന്മാർ അതിനെ പരിഷ്കരിച്ച് സംസ്കൃതമെന്നു
നാമകരണം ചെയ്തുവെന്നും, സംസ്കൃതഭാഷ ചില ജനങ്ങൾമാത്രം അഥവാ
പ്രത്യേക വിദ്യാഭ്യാസവിഷയത്തിൽമാത്രം ഉപയോഗിച്ചുവന്നിരിക്കാം.
എന്നാൽ പൊതുവെ ദേശഭാഷയായിരുന്നതു പ്രാകൃതമായിരുന്നു എന്നും
സംസ്കൃതം ഇതരഭാഷകളെക്കാൾ വിശേഷമായി പരിണമിച്ചതുകൊണ്ട്
ആ ഭാഷയെ അനാദിദേവഭാഷയാണെന്നും, അതിൽ എഴുതപ്പെട്ടിട്ടുള്ള
വേദപുരാണാദിഗ്രന്ഥങ്ങൾ ഈശ്വരനാൽ ബ്രഹ്മദേവന് ഉപദേശിക്കപ്പെട്ട്,
ബ്രഹ്മദേവനാൽ നിർമ്മിക്കപ്പെട്ടതെന്നും, മറ്റും പറയുമെന്നും അന്യഭാഷക
ളെല്ലാം മ്ലേച്ഛ (മ്ലേച്ഛ അവ്യക്തേ ശബ്ദേ, അസ്പഷ്ടേ അപശബ്ദേ ചേത്യർത്ഥഃ
- സിദ്ധാന്തകൗമുദി; അസ്പഷ്ടോച്ചാരണത്തിലും ശബ്ദശാസ്ത്രാനുസാരമല്ലാത്ത
ശബ്ദപ്രയോഗത്തിലും എന്ന് അർത്ഥം; ന മ്ലേച്ഛിത വൈ 'മ്ലേച്ഛിക്കരുത്'
- വേദവാക്യം, 'നാപഭാഷിതവൈ' അപഭാഷിക്ക വ്യാകരണവിരോധമാ
യി പറയരുതെന്ന് അർത്ഥം) ഭാഷകളാണെന്നു സംസ്കൃതപക്ഷപാതികൾ
പറയുന്നു. ഈ അഭിപ്രായം പില്ക്കാലത്തുള്ളവരിൽ പ്രബലപ്പെട്ടതുനിമിത്തം
അവരിലൊരാളായ വരരുചിമുനി സംസ്കൃതത്തിൽനിന്നുണ്ടായതെന്ന് അന്യ
ന്മാർക്കു തോന്നത്തക്കവണ്ണം സംസ്കൃതാക്ഷരങ്ങൾക്ക് ആദേശങ്ങൾ വിധിച്ച്
പ്രാകൃതത്തെ പരിഷ്കരിക്കകൊണ്ട് ആ വ്യാകരണസമ്പ്രദായം സംസ്കൃതാ
ഭിജ്ഞന്മാർക്ക് ഉപകാരപ്പെട്ടതായി. എന്നിട്ടും ആ പരിഷ്കരണരീതിയെ
ജനങ്ങൾ പണിപ്പെട്ടും ആദരിച്ചുവന്നു. എങ്കിലും കാലക്രമേണ അശക്യമാ
യിത്തീർന്നതുകൊണ്ട് ആ പരിപാടി ഉപേക്ഷിക്കുകയും തന്മൂലം പ്രാകൃതവും
ഇക്കാലത്തെ മഹാരാഷ്ട്രിയും രണ്ടായിപ്പിരിയുകയും പ്രാകൃതം സംസ്കൃതജ്ഞ

ന്മാർക്കു നാടകം, സട്ടകം മുതലായ കൃതികൾ നിർമിക്കുന്നതിനുമാത്രം ഇന്ന്
ഉപയോഗത്തിലിരിക്കുകയും ചെയ്യുന്നു. ഇങ്ങനെ നിരൂപിക്കുന്നതു യുക്തമാ
യിരിക്കുമെന്നും ചട്ടമ്പിസ്വാമികൾ അഭിപ്രായപ്പെടുന്നു.

### സന്ധിനിരൂപണം

സന്ധിവിഭജനംസംബന്ധിച്ചു സംസ്കൃതത്തിലും തമിഴിലുമുള്ള എല്ലാ
സവിശേഷതകളെയും വിശദമാക്കാതെ രണ്ടു ഭാഷകളിലും പൊതുവായി കാ
ണപ്പെടുന്ന പ്രത്യേകതകൾമാത്രം ചൂണ്ടിക്കാട്ടുകയാണ് ഈ ഭാഗത്ത്. ഇതര
ഭാഷകളിലില്ലാത്ത സന്ധിവികാരങ്ങൾ സംസ്കൃതത്തിലും തമിഴിലും ശാസ്ത്ര
ഷ്യാ കാണുന്നതുകൊണ്ട് അതുതന്നെ ഇവയുടെ അന്യാദൃശസംബന്ധത്തെ
സൂചിപ്പിക്കുന്നുവെന്നു പറഞ്ഞാൽ, സന്ധിയെന്നതു ജനങ്ങൾ ഒരു ഭാഷ
സംസാരിച്ചു സംസാരിച്ചു കാലംകൊണ്ടു ദാർഢ്യം സിദ്ധിക്കുമ്പോൾ ഒരു
വാക്കിനുശേഷം മറ്റൊരുവാക്ക് ഉച്ചരിക്കുന്നതിൽ ഉണ്ടാകുന്ന വേഗസൗക
ര്യങ്ങൾനിമിത്തം സ്വാഭാവികമായി സംഭവിക്കാറുള്ള ഉച്ചാരണഭേദമാണെ
ന്നു കാണുന്ന സ്ഥിതിക്കു വ്യാകരണംകൊണ്ടു നിയമനം ചെയ്തില്ലെങ്കിലും
ഈ വികാരങ്ങൾ വരാവുന്നതാണ്. അതുകൊണ്ട് ഈ വാദം യുക്തിയുക്ത
മാകുന്നില്ല എന്നു ചട്ടമ്പിസ്വാമികൾ വാദിക്കുന്നു. തമിഴ് വ്യാകരണങ്ങളിലും
ഇന്നത്തെപ്പോലെ ആദികാലത്തു സന്ധിവികാരങ്ങൾ ഇല്ലാതിരുന്നിരിക്ക
ണം. സംസ്കൃതഭാഷാപരിഷ്കരണകാലത്തു പ്രബലമായി വ്യവസ്ഥാപിക്ക
പ്പെട്ട സന്ധിനിയമത്തെ അനുകരിച്ചു സംസ്കൃതപാണ്ഡിത്യം സിദ്ധിച്ചിട്ടുള്ള
തമിഴ്‌വ്യാകരണകർത്താക്കൾ തൊൽകാപ്പിയർ മുതലായ ആചാര്യന്മാർ
തമിഴിലും ഈ സമ്പ്രദായം കലർത്തിയതായിരിക്കണം എന്നും അദ്ദേഹം
കൂട്ടിച്ചേർക്കുന്നു.

### പദവ്യവസ്ഥാനിരൂപണം

സംസ്കൃതത്തിലും തമിഴിലുമുള്ള പദവ്യവസ്ഥയെക്കുറിച്ചുള്ള പഠനമാണ്
ഈ ഭാഗത്ത് ഉൾക്കൊള്ളിച്ചിരിക്കുന്നത്. സംസ്കൃതത്തിൽ നാമം, ആഖ്യാതം,
ഉപസർഗം, നിപാതം എന്നിങ്ങനെ നാലായി ശബ്ദങ്ങളെ വിഭാഗിച്ചിരിക്കു
ന്നു. നാമമെന്നാൽ ഒരു വസ്തുവിന്റെ പേരിനെക്കുറിക്കുന്ന ശബ്ദം. ആഖ്യാതം
പൂർണക്രിയയാണ്. ഉപസർഗത്തിനു ക്രിയാധാതുക്കളോടു ചേർന്നുനിന്ന്
അവയ്ക്ക് അർത്ഥവ്യത്യാസമുണ്ടാക്കുന്ന ഒരുതരം ശബ്ദമെന്നു രൂപനിർണ്ണയം
ചെയ്തിരിക്കുന്നു. സ്വരങ്ങളുടെ വ്യത്യാസത്തെക്കുറിക്കാനായി ചേർക്കുന്ന
ഇടച്ചൊല്ലാണു നിപാതം, എന്നിങ്ങനെ സംസ്കൃതത്തിലെ ശബ്ദവിഭജനത്തെ
യും, തമിഴിൽ പദങ്ങളെന്നാൽ അർത്ഥത്തെ ബോധിപ്പിക്കുന്ന ശബ്ദങ്ങൾ
എന്നർത്ഥം. തമിഴിൽ പദങ്ങളെ പകുപദം, പകാപ്പദം എന്നു രണ്ടു വലിയ
വിഭാഗങ്ങളായിത്തിരിച്ചിരിക്കുന്നു. അവയവവിഭാഗം ചെയ്ത് അർത്ഥം നിർ
ണ്ണയംചെയ്യാൻ പാടില്ലാത്തവിധം, പ്രത്യയയോജനയ്ക്കുമുൻപുതന്നെ പ്രയോ
ഗാർഹമായിരിക്കുന്ന പദം പകാപ്പദമെന്നു പറയപ്പെടുന്നു. ഈ പദങ്ങൾ
തന്നെ ബഹുവചനപ്രത്യയം മുതലായ പ്രത്യയങ്ങളോടു ചേരുമ്പോൾ പക





പദങ്ങളെന്നു വ്യവഹരിക്കപ്പെടുന്നുവെന്നു തമിഴിനെക്കുറിച്ചും പ്രസ്താവിച്ചി
രിക്കുന്നു.

സംസ്കൃതത്തിൽ എല്ലാ ശബ്ദങ്ങളും ധാതുക്കളിൽനിന്നുണ്ടായിട്ടും പ്ര
ത്യയങ്ങൾ ചേരാതെ പ്രയോഗിക്കത്തക്കവ ആകാതിരിക്കുന്നതും തമിഴിൽ
ധാതുക്കളെന്ന ഏർപ്പാടില്ലാതെയും പ്രത്യയങ്ങൾ യാതൊന്നും ചേരാതെയും
ഉപയോഗത്തിനുതകുന്നതും രണ്ടുഭാഷകൾക്കും തമ്മിലുള്ള വലിയ അന്തര
ത്തെയാണു ചൂണ്ടിക്കാണിക്കുന്നതെന്ന ചട്ടമ്പിസ്വാമികളുടെ നിരീക്ഷണം
ശ്രദ്ധേയമാണ്. സംസ്കൃതത്തിൽ ധാതുക്കളോട് ഉപസർഗമെന്ന ഇടച്ചൊല്ലു
കൾ ചേർത്ത് അതിൽനിന്നു ഭിന്നാർത്ഥങ്ങളായ പല പദങ്ങളും നിർമ്മിക്കു
ന്നു. തമിഴിൽ ഇങ്ങനെ ഉപസർഗംചേർത്ത് അർത്ഥവ്യത്യാസം വരുത്തുന്ന
സമ്പ്രദായമില്ല എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

*സംസ്കൃതത്തിൽ 'ധാതവഃ അനേകാർത്ഥാഃ' (ക്രിയാധാതുക്കൾ അനേ
കാർത്ഥങ്ങളോടുകൂടിയവ) എന്നു പറഞ്ഞുകാണുന്നു. ഇതുകൊണ്ടു പദങ്ങ
ളെല്ലാം നാനാർത്ഥവാചികളായിത്തന്നെ പറയപ്പെട്ടിരിക്കുന്നു. തമിഴിലുള്ള
മേല്പറഞ്ഞ വിഭാഗങ്ങൾ സംസ്കൃതനിയമത്തിനു വളരെ വിപരീതമായിരി
ക്കുന്നുവെന്നും യുക്തിക്കു ചേരാത്തതെന്നും സംസ്കൃതപണ്ഡിതന്മാരായ തമി
ഴ്ശാസ്ത്രകാരന്മാർക്കു നല്ലതിന്മണ്ണം അറിയാമെന്നിരിക്കെ ആ വിഭാഗത്തെ
ഉപേക്ഷിക്കാതിരുന്നതു പഴയ ഇലക്കണസമ്പ്രദായങ്ങൾ മാറ്റാൻ മനസ്സി
ല്ലാത്തതുകൊണ്ടത്രേ. അതുകൊണ്ടു പഴയ ഇലക്കണങ്ങളിൽ ഇങ്ങനെ തി
രിച്ചൊല്ലെന്നു വിഭാഗിച്ചത് അസംഗതമെന്നു പറയാൻപാടില്ല. അതെന്തെ
ന്നാൽ, തമിഴ് വേറൊരു ഭാഷയിൽനിന്ന് ഉണ്ടാകാതെ ആദികാലം മുതല്ക്കേ
നിലനിന്നുവരുന്ന ഒരു ഭാഷയായതുകൊണ്ട് ആദ്യം ഒരുവാക്കിന് ഒരർത്ഥം
മാത്രമായിട്ടു വ്യാപരിച്ചുവരവെ കാലപ്പഴക്കത്തിൽ പലകാരണങ്ങൾമൂലം
ഒരർത്ഥത്തിന് അനേകം വാക്കുകളും അനേകാർത്ഥത്തിന് ഒറ്റ വാക്കും
ഇങ്ങനെ പലതുമുണ്ടാകാം. അപ്പോൾ മുൻപു സാധാരണ നടപ്പിലിരുന്ന
ഇയർച്ചൊല്ലിൽനിന്ന് അവയെ പിരിച്ചുകാണിക്കേണ്ട ആവശ്യം നേരിട്ടതു
നിമിത്തം ഈ വിഭാഗങ്ങളേർപ്പെട്ടു എന്നൂഹിച്ചാൽ അതു യുക്തിക്കു ചേരും*
എന്നിങ്ങനെ തന്റെ വാദം സമർത്ഥിക്കുകയാണു ചട്ടമ്പിസ്വാമികൾ.

### ലിംഗനിരൂപണം

വ്യാകരണമഹാഭാഷ്യകർത്താവായ പതഞ്ജലീമഹർഷി ലോകത്തുള്ള
സകലവസ്തുക്കളും മൂന്നുലിംഗങ്ങളോടുകൂടിയവതന്നെ എന്നു പറയുന്നു. എല്ലാ
വസ്തുക്കളും ആവിർഭാവം, തിരോഭാവം, സ്ഥിതി എന്നു മൂന്നുസ്വഭാവങ്ങൾ
ഉള്ളവയാണ്. ആവിർഭാവം പുരുഷഗുണം, തിരോഭാവം സ്ത്രീയുടെഗുണം,
സ്ഥിതി നപുംസകഗുണം. സത്വരജസ്തമോഗുണങ്ങളുടെ അവസ്ഥാഭേദങ്ങ
ളായ ഈ മൂന്നുപ്രകൃതികൾ എല്ലാ വസ്തുക്കളിലും ഇരിക്കയാൽ അവയെല്ലാം
മൂന്നുലിംഗങ്ങൾക്കും അധികരണങ്ങളാണ്. ഇങ്ങനെ അദ്ദേഹം തന്റെ പൂർ
വ്വപ്രതിജ്ഞയെ സമർത്ഥിക്കുന്നു. ലോകത്ത് ഏതേതു വാക്കുകൾ ഏതേതു
ലിംഗങ്ങളായി ഏർപ്പെട്ടിരിക്കുന്നോ അതതു വാക്കുകൾ അതതു ലിംഗങ്ങ

ളിൽ പ്രയോഗിച്ചുകൊള്ളണമെന്നും മഹാഭാഷ്യകാരൻ വിധിക്കുന്നു. വ്യാകരണസൂത്രകാരനായ പാണിനീമഹർഷി ഇന്ന ശബ്ദം ഇന്ന ലിംഗമാണെന്നു ലോകവ്യവഹാരത്തിൽനിന്നു മനസ്സിലാക്കിക്കൊള്ളണമെന്നു പറഞ്ഞിരിക്കുന്നു. ഈ അഭിപ്രായങ്ങളെ പിൻപറ്റിയാണു ചട്ടമ്പിസ്വാമികളും തന്റെ നിരീക്ഷണങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്.

*‘അയമൈന്ദ്രീ മുഖം പശ്യ രക്തശ്ചുംബതി ചന്ദ്രമാഃ (കുവലായാനന്ദം, സമാസോക്ത്യലംകാരം), ഇതിനു ഇതാ ചന്ദ്രൻ ചുവപ്പുനിറത്തോടുകൂടി പൂർവ്വദിങ്മുഖം ചുംബിക്കുന്നു എന്നർത്ഥം കൊടുക്കുമ്പോൾ ഒരു നായകൻ അനുരാഗത്തോടുകൂടി നായികയുടെ മുഖത്തെ ചുംബിക്കുന്നു എന്ന മറ്റൊരു അർത്ഥവും ലക്ഷ്യമാക്കുന്നു.*

*ഇതു കവിയുടെ ആശയമാകയാൽ കിഴക്കേദിക്കെന്ന അർത്ഥത്തെ സ്മരിപ്പിക്കുന്ന ഐന്ദ്രീ എന്ന ശബ്ദം സ്ത്രീലിംഗമായും ചന്ദ്രമാ എന്ന ശബ്ദം പുല്ലിംഗമായും ഇരിക്കുന്നത് ഇവിടെ കവിഹൃദയത്തിനു സഹായമായിരിക്കുന്നു. ഐന്ദ്രീ കിഴക്കുദിക്കു സ്ത്രീലിംഗമായതിനാൽ ഒരു നായകിയെന്നും മുഖം, ദിഗ്ഭാഗം വദനമെന്നും, ചന്ദ്രമാ=ചന്ദ്രൻ പുല്ലിംഗമാകയാൽ നായകനെന്നും രക്തച്ചുവപ്പു നിറത്തോടു കൂടിയവൻ അനുരാഗസംയുക്തനെന്നും ചുംബതി ഉമ്മവയ്ക്കുന്നു, പ്രവേശിക്കുന്നു എന്നും, അയം ഇവൻ, ഇതാ എന്നും രണ്ടുവിധം അർത്ഥം അടങ്ങുന്ന സമ്പ്രദായം.*

*സംസ്കൃതത്തിലുള്ള ലിംഗവ്യവസ്ഥക്കേടിനു കവികളാണു പ്രധാനുത്രന്മാരെന്ന് ആ ഭാഷയിൽ പാണ്ഡിത്യം സിദ്ധിച്ചവർക്ക് അറിയാവുന്നതാണ്* എന്നിങ്ങനെ, സംസ്കൃതത്തിലെ ലിംഗവ്യവസ്ഥക്കേടിനെ അദ്ദേഹം സോദാഹരണം അവതരിപ്പിച്ചിരിക്കുന്നു.

## വചനനിരൂപണം

സംസ്കൃതത്തിൽ ഏകവചനം, ദ്വിവചനം, ബഹുവചനം എന്നിങ്ങനെ മൂന്നുവചനങ്ങളുണ്ട്. ഉദാഹരണം: രാമഃ, രാമൗ, രാമാഃ ഒന്നിനെ കാണിക്കുന്നത് ഏകവചനം. രണ്ടിനെക്കുറിക്കുന്നതു ദ്വിവചനം, മൂന്നുമുതൽ മേല്പോട്ടുള്ള എല്ലാ സംഖ്യകളെയും കുറിക്കുന്നതു ബഹുവചനം. തമിഴിൽ അൻ, ആൻ, മൻ, മാൻ മുതലായവ പുല്ലിംഗപ്രത്യയങ്ങളും അൾ, ആൾ, ഇ മുതലായവ സ്ത്രീലിംഗപ്രത്യയങ്ങളും അർ, മാർകൾ മുതലായവ സാമാന്യലിംഗപ്രത്യയങ്ങളും തു, അൽ മുതലായവ അനേകലിംഗപ്രത്യയങ്ങളുമാണ്.

*സംസ്കൃതത്തിൽ ഏകവചനം, ദ്വിവചനം, ബഹുവചനം ഇങ്ങിനെ മൂന്നുവചനങ്ങൾ ഉണ്ട്. തമിഴിൽ ഏകവചനം, ബഹുവചനം എന്നു രണ്ടു വചനങ്ങൾ മാത്രമേ ഉള്ളു. സംസ്കൃതത്തിനു മുൻപ് രണ്ടുവചനങ്ങൾ മാത്രം ഇരുന്നു; പില്ക്കാലത്തിൽ മൂന്നുവചനങ്ങൾ ഏർപ്പെട്ടിട്ടുള്ളതായിരിക്കണം എന്നു നിശ്ചയം. ദമ്പതിമാർചേർന്ന് കർമ്മാനുഷ്ഠാനങ്ങൾ ചെയ്യുന്നതു രണ്ടു പേരെയും കാത്തനുഗ്രഹിക്കുമെന്നുള്ള ഏർപ്പാട് ഉണ്ടായതിന്റെ ശേഷം രണ്ടുപേരും കർമ്മങ്ങളുടെ ആരംഭത്തിനടുത്ത മുൻപുസമയത്തു സങ്കല്പം ചെയ്യുന്നതിലും അവസാനകാലത്തു മഹാന്മാരുടെ അടുത്തുനിന്ന് ആശീർവ്വാദം*





*സ്വീകരിക്കുന്നതിലും അതിവ്യാപ്തി, അവ്യാപ്തി എന്ന ദോഷങ്ങൾകൂടാതെ അതിന്റെ ഫലങ്ങൾ മുഴുവൻ രണ്ടുപേർക്കുംമാത്രം ശരിയായി ഗ്രഹിക്കണമെന്നുള്ള സൗകര്യത്തിനുവേണ്ടി ദ്വിവചനം ഉണ്ടായിട്ടുള്ളതെന്ന് ഊഹിച്ചറിയണം. അല്ലെങ്കിൽ മൂന്നുമുതൽ എത്രയും കുറിക്കുന്നതിനു ബഹുവചനം മതിയെങ്കിൽ രണ്ടിനെ കുറിക്കുന്നതു ബഹുവചനം എന്തുകൊണ്ടു മതിയാകയില്ല?* എന്ന ചോദ്യംകൊണ്ടാണു ചട്ടമ്പിസ്വാമികൾ സംസ്കൃതത്തിലെയും തമിഴിലെയും വചനവ്യവസ്ഥകളെ നേരിടുന്നത്.

## വിഭക്തിനിരൂപണം

സംസ്കൃതത്തിൽ ഏഴുവിഭക്തികളുണ്ട്. പ്രഥമാ, ദ്വിതീയാ, തൃതീയാ, ചതുർത്ഥീ, പഞ്ചമീ, ഷഷ്ഠീ, സപ്തമീ എന്നിവയാണ് അവ. ഇവയിൽ പ്രഥമാവിഭക്തിയിൽ സംബോധനപ്രഥമാ എന്നൊരു ഭേദം കൂടിയുണ്ട്. ഓരോ വിഭക്തിയിലും ഏകദ്വിബഹുത്വങ്ങളെ കാട്ടുവാൻ പ്രത്യേകം പ്രത്യേകം പ്രത്യയങ്ങളുണ്ട്. ആകയാൽ വിഭക്തിപ്രത്യയങ്ങൾ 21 ആകുന്നു. തമിഴിലും സംബോധനപ്രഥമയോടുകൂടി എട്ടായിട്ടു വിഭക്തികൾ വിഭജിക്കപ്പെട്ടിരിക്കുന്നു. എന്നാൽ സംസ്കൃതത്തിലെപ്പോലെ ഓരോ വിഭക്തിയിലും ഏകത്വബഹുത്വങ്ങളെ കാട്ടുന്നതിനു പ്രത്യേകം പ്രത്യയങ്ങളില്ല.

സംസ്കൃതത്തിൽ പ്രഥമയും മറ്റുള്ള വിഭക്തികളെപ്പോലെ പ്രത്യയത്തോടു കൂടിയതാണ്. അല്ലാതെയും അതതു വിഭക്തിയിലും പ്രത്യേകം പ്രത്യേകമായി വചനാർത്ഥങ്ങളോടു കലർന്ന വിഭക്ത്യർത്ഥങ്ങളെ കാട്ടുവാൻ പ്രത്യേകപ്രത്യയങ്ങളുണ്ട്. ഉദാഹരണം രാമ+അം=രാമം, അം വിഭക്തിപ്രത്യയം (ഒരു രാമനെ); രാമൗ, ഔ പ്രത്യയം (രണ്ടു രാമന്മാരെ); രാമാൻ, ശസ്പ്രത്യയം (ബഹുരാമന്മാരെ). തമിഴിൽ വചനങ്ങളെ കാട്ടുന്ന പ്രത്യയങ്ങൾ വിഭക്തിപ്രത്യയങ്ങളായിട്ട് അംഗീകരിക്കപ്പെടുന്നില്ല. വചനപ്രത്യയങ്ങളോടു പ്രഥമയിൽ യാതൊരു വിഭക്തിപ്രത്യയവും ചേരുന്നില്ല, മറ്റുള്ളവിഭക്തികളിൽ ഐ മുതലായ ഓരോ പ്രത്യയം മാത്രമേ ചേർന്നിട്ടുള്ളു. ഉദാഹരണം (ചാത്തൻ) അൻ പ്രത്യയം ഏകവചനത്തെ കാട്ടുന്നത്. ചാത്തർ അർ പ്രത്യയം ബഹുവചനത്തെ കാട്ടുന്നത്. ചാത്തനൈ ഈ രണ്ടുഭാഗത്തും ‘ഐ’ എന്ന ഒരു പ്രത്യയമത്രേ കർമ്മത്തെ കാട്ടുന്നത്. മറ്റു സ്ഥലങ്ങളിലുള്ളതുപോലെ തന്നെ തമിഴിൽ എട്ടുവിഭക്തികളാണെന്നുള്ളത് സംസ്കൃതികളായ വ്യാകരണാചാര്യന്മാർ പില്ക്കാലങ്ങളിൽ ഏർപ്പെടുത്തിയതാണ് എന്ന മട്ടിലുള്ള സൂക്ഷ്മതലസ്പർശിയായ നിരീക്ഷണങ്ങളും ഈ ഭാഗത്തു ദൃശ്യമാണ്.

## തമിഴ്-സംസ്കൃതതാരതമ്യം

സംസ്കൃതവും തമിഴും തമ്മിലുള്ള അന്തരം അരക്കിട്ടുറപ്പിക്കാനാണു ചട്ടമ്പിസ്വാമികൾ ഈ ഭാഗത്തു ശ്രമിക്കുന്നത്. *ഭാഷയുടെ ശരീരം പദസമുദായവും, പദങ്ങളുടെ അവയവങ്ങൾ അക്ഷരങ്ങളുമാണല്ലോ. ഏതും ആദ്യം പ്രാകൃതമായി ഉത്ഭവിച്ച് അനന്തരം കൃത്രിമങ്ങൾ കലർന്നു പരിഷ്കൃതത്രപത്തിൽ പരിണമിക്കുന്നു. ഈ നിയമം ഒരിക്കലും വിസ്മരിക്കാൻ പാടില്ല.*

*അപ്പോൾ അകൃത്രിമമായ വിശിഷ്ടപ്രയത്നാദികളോട്ടുകൂടാത്ത അക്ഷരങ്ങൾ*
*ഏതു ഭാഷയ്ക്കു സ്വന്തമായിക്കാണുന്നുവോ അതു മറ്റെല്ലാറ്റിന്റെയും മൂലഭാഷ*
*യായിരിക്കുമെന്നൂഹിക്കാം. മനഃപൂർവ്വം ഉച്ചരിക്കേണ്ടതില്ലാത്ത സ്വാഭാവിക*
*മായി ശബ്ദിക്കാവുന്ന അക്ഷരങ്ങൾ അടങ്ങിയ ഭാഷ എപ്പോഴും പ്രകൃതിയുടെ*
*ഭാഷയായിരിക്കുമെന്നു സാരം* എന്ന നിഗമനത്തിലേക്കു ചട്ടമ്പിസ്വാമികൾ
എത്തിച്ചേരുന്നതും അങ്ങനെയാണ്. തുടർന്ന്, ആദിഭാഷയെക്കുറിച്ചുള്ള
ആലോചനകൾ പങ്കുവയ്ക്കുന്നു.

ആദിഭാഷ ഏതാണെന്നുള്ള നിരീക്ഷണങ്ങൾ പങ്കുവയ്ക്കുന്നതിനിടയിൽ
ഹിന്ദുസ്ഥാനി, അറബിക്, ലാറ്റിൻ, ഹീബ്രു, ഇംഗ്ലീഷ് അക്ഷരമാലകളെക്കു
റിച്ചുള്ള അഭിപ്രായങ്ങളും ചട്ടമ്പിസ്വാമികൾ പങ്കുവയ്ക്കുന്നുണ്ട്.

*ഹിന്ദുസ്ഥാനി, അറബ്, ലാറ്റിൻ, ഹീബ്രു, ഇംഗ്ലീഷ് മുതലായ ഭാഷകളി*
*ലെ അക്ഷരമുറ നോക്കുക.*

*അലീഫ്, ബ, പേ, തേ, ടേ*
*അലീഫ്, ബ, ത*
*അൽഫ, ബീറ്റ*
*ഏ, ബി*

*ഇങ്ങനെ അക്ഷരപ്രതിനിധികളായ അക്ഷരങ്ങൾക്ക് 'അലീഫ്'' 'ഏ' മുത*
*ലായതിനു നേരെ അടുത്തു 'ബ' എന്ന ഓഷ്ഠ്യം തന്നെ വന്നിരിക്കുന്നു. ഉത്ഭ*
*വക്രമമനുസരിച്ച് അടുക്കിയിരിക്കുന്ന അക്ഷരങ്ങളെ കാലം ചെന്നശേഷം*
*പ്രഭവസ്ഥാനമുറയ്ക്കുചേർത്തു പരിഷ്കരിച്ചതുകൊണ്ടാണ് എല്ലാ ഭാഷകളിലും*
*വിശിഷ്യ തമിഴ്, സംസ്കൃതം മുതലായ വിപുലഭാഷകളിൽ, അക്ഷരഘടന*
*ഇത്രയ്ക്കു വ്യത്യസ്തരീതിയെ അവലംബിക്കുന്നത്.*

മേല്പറഞ്ഞിരിക്കുന്ന നിരീക്ഷണങ്ങൾ ഒരു ഭാഷാശാസ്ത്രജ്ഞന്റെ മന
സ്സിൽനിന്നു മാത്രമേ ഉരുവംകൊള്ളുകയുള്ളൂ. അതുകൊണ്ടുതന്നെയാണ്,
'അ' 'ക' 'ങ' എന്നു തുടങ്ങി സാക്ഷാത് പ്രകൃതി താലോലിച്ചുവളർക്കുന്ന
അക്ഷരങ്ങളും അമ്മ, അപ്പ മുതലായ മൃദുപദങ്ങളും ഇന്നേതു ഭാഷയുടെ വക
യായിരിക്കുന്നു, ആ ഭാഷ അഥവാ അതിന്റെ പ്രാകൃതരൂപം ആയിരിക്കണം
ആദിമാതൃഭാഷ; അല്ലാതെ കൃത്രിമാക്ഷരങ്ങൾ ധാരാളം ഉൾപ്പെട്ടുകാണുന്ന
ഇതരഭാഷകൾ ഒന്നും ഒരിക്കലും ആദിഭാഷയാകാനിടയില്ല എന്ന നിഗമന
ത്തിലേക്ക് അദ്ദേഹം എത്തിച്ചേരുന്നതും.

മൊഴി എന്ന ദ്രാവിഡപദത്തെ മുൻനിർത്തിയും ചട്ടമ്പിസ്വാമികൾ ശ്ര
ദ്ധേയമായ ചില നിരീക്ഷണങ്ങൾ നടത്തുന്നുണ്ട്. വാക്കിന് തമിഴിൽ പറയു
ന്ന ഏറ്റവും പ്രധാനപ്പെട്ട നാമരൂപമാണ് 'മൊഴി'. എന്നാൽ തമിഴിലോ തമി
ഴിനോടുചേർന്ന വേറെ ഭാഷകളിലോ അല്ലാതെ, മറ്റുഭാഷകളിൽ പ്രകൃതിക്ക്
ഇത്രത്തോളം ശരിയായ ഒരു വാക്കു കിട്ടുകയില്ലെന്നാണു ചട്ടമ്പിസ്വാമികൾ
പറയുന്നത്. എങ്ങനെയെന്നാൽ, ഓഷ്ഠാധരങ്ങളെ ഒരുമിച്ചുചേർത്തു വാ മൂടി
ക്കൊണ്ടുള്ള ഇരിപ്പിന് മൗനമെന്നു നാമവും 'മ്'' എന്ന് രൂപവുമാകുന്നു. ഈ
'മ്'' എന്ന വാ മൂടലിനെ നല്ലവണ്ണം ഒഴിച്ചുവിടുമ്പോൾ ഉണ്ടാകുന്നതുകൊണ്ടാ





ണ് അതിന് മ്+ഒഴി=മൊഴി എന്ന നാമം സിദ്ധിച്ചത്. ഈ മൊഴി തന്നെ
ആദ്യം അകാരം, രണ്ടാമത് ഇകാരം, മൂന്നാമത് ഉകാരം ഇപ്രകാരം മുറയ്ക്ക്
അ, ഇ, ഉ എന്ന മൂന്ന് അക്ഷരങ്ങളായിട്ടു പ്രകാശിക്കും. പാണിനി അഷ്ടാ
ധ്യായിയിൽ പറയുന്ന 'അഇഉൺ' എന്ന ആദിസൂത്രത്തിന്റെ ആവിർഭാവവും
ഇവിടെ ഓർക്കേണ്ടതുണ്ട്.

**ആദിഭാഷയിലെ നിഗമനങ്ങൾ**

1. ഹിന്ദുസ്ഥാനി, അറബിക്, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിലെ അക്ഷ
രമാലകൾ അധികവും ഉത്ഭവമുറയെ ആദരിക്കുന്നവയും വർണ്ണസംഖ്യകൊ
ണ്ട് ദീർഘിപ്പിക്കാത്തവയും ലിപികളുടെ ഉച്ചാരണരീതികൊണ്ടും മറ്റും പരി
ഷ്കൃതഭാവത്തെ സൂചിപ്പിക്കുന്നവയുമാണ്.

2. ഹിന്ദുസ്ഥാനി മുതലായ ഭാഷകളിൽ ഒന്നിന്റെ പരിഷ്കൃതരൂപമാ
ണ് തമിഴ് എന്നു കരുതുന്നതു സാഹസമാണ്.

3. ആദിഭാഷയായ തമിഴിലെ ആദ്യക്ഷരത്തിന്റെ സ്വരൂപത്തെ ഭൂലോ
കത്തുള്ള എല്ലാഭാഷകളുടെയും ആദ്യാക്ഷരങ്ങളുടെ സ്വരൂപങ്ങൾ പിന്തുടർ
ന്നിരിക്കാനാണു സാധ്യത.

4. മൂലദ്രാവിഡത്തിലെ അകാരം രണ്ടംശങ്ങളോടു കൂടിയതാണ്. ഈ
രണ്ടുഭാഗങ്ങളും തമ്മിൽ ചേരാതെ ഇരിക്കുമ്പോൾ മുകൾഭാഗത്തിനു ചപ്പൂര
മെന്നും കീഴ്ഭംഗിനു അലിപ്പാൽ എന്നുമാണ് അഭിധ. ഈ അലിപ്പാൽ എന്ന
ശബ്ദത്തിന്റെ തദ്ഭവരൂപങ്ങളാണ് 'അലീഫ്'' 'ക്ലീബം' 'അൽഫ' 'ഓലാഫ'
മുതലായവ. ചപ്പൂരത്തിനു 'സഫ(ബ)ർ' 'ബിന്ദു' 'ഫ്തോ (പ്ഥ്ഫ്)' എന്നെല്ലാം
ഹിന്ദുസ്ഥാനി മുതലായ ഭാഷകളിൽ പേരുപറയാറുണ്ട്.

5. ജന്തുസൃഷ്ടിക്കു സാധകമായ സ്ഥലത്തു മാത്രമേ മനുഷ്യരും ആദ്യം
ഉണ്ടാകാനിടയുള്ളൂ എന്നു തീർച്ചയാണ്. ആദ്യം മനുഷ്യനുണ്ടാകുന്നിടത്താ
യിരിക്കും ആദ്യം ഭാഷ ഉണ്ടാകുന്നതും. അങ്ങനെ ഒന്നാമതായി ഉണ്ടാകുന്ന
ഭാഷ ശേഷിച്ചവയുടെ മാതൃഭാഷയും ആയിരിക്കും. അപ്പോൾ സിംഹളം തുട
ങ്ങിയ ദക്ഷിണദേശങ്ങളിൽ ഇന്നു പ്രചരിക്കുന്ന ഭാഷയുടെ പൂർവ്വരൂപമായ
പ്രാചീനദ്രാവിഡഭാഷയായിരുന്നു ലോകത്തിലെ ആദിഭാഷ എന്നും അതു
തന്നെയാണ് മറ്റെല്ലാ ഭാഷകളുടെയും ജനയിത്രി എന്നും അനുമാനിക്കാം.

**ഉപസംഹാരം**

ഭാഷയുടെ സമ്പൂർണമായ ചരിത്രം ഇതുവരെ രചിക്കപ്പെട്ടിട്ടില്ല. അതു
കൊണ്ടുതന്നെ, ഭാഷയുടെ സമഗ്രപരിണാമം എന്ന സങ്കല്പത്തെ വിശദമാക്കാ
നും പ്രയാസമാണ്. എന്നാൽ, അത്തരമൊരു ശ്രമമാണ് ആദിഭാഷയിലൂടെ
ചട്ടമ്പിസ്വാമികൾ നടത്തുന്നത്. വ്യാകരണരൂപങ്ങളെ ഓരോന്നായെടുത്ത്
അവയുടെ പരിണാമചരിത്രം പരിശോധിക്കുന്ന വ്യാകരണരൂപാസ്പദമായ
രീതിശാസ്ത്രമാണ് ആദിഭാഷയുടേത്. ഇത്തരം ഗവേഷണരീതിശാസ്ത്രം
വിവരണാത്മകഗവേഷണത്തിന്റെ പരിധിയിലാണ് ഉൾപ്പെടുന്നത്. വിവ
രണാത്മകഗവേഷണം ഗവേഷകനിൽനിന്നു കൂടുതൽ പ്രാവീണ്യം ആവ

ശ്യപ്പെടുന്നുണ്ട്. മാത്രമല്ല, അന്വേഷണവിധേയമാക്കുന്ന പ്രതിഭാസത്തിനു പിന്നിലുള്ള യഥാർത്ഥകാരണത്തെ പലപ്പോഴും കണ്ടെത്താൻ കഴിയില്ല എന്നതും നിലവിലുള്ള ഗവേഷണഫലം എപ്പോൾ വേണമെങ്കിലും മാറിമറിയാനുള്ള സാധ്യതയുണ്ട് എന്നതും ഇത്തരം ഗവേഷണങ്ങൾക്കു പൊതുവെ സംഭവിക്കാവുന്നതാണ്. അതുകൊണ്ടുതന്നെ, ആദിഭാഷയിലെ നിഗമനങ്ങളെക്കുറിച്ചോർത്തു വ്യാകുലപ്പെട്ടിട്ടു കാര്യമില്ല.

ആദിഭാഷയിലൂടെ ചട്ടമ്പിസ്വാമികൾ മുന്നോട്ടുവയ്ക്കുന്ന നിഗമനങ്ങളെസ്സംബന്ധിച്ചു പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടായേക്കാം. എന്നാൽ, ആദിഭാഷയിൽ സ്വീകരിച്ചിരിക്കുന്ന ഗവേഷണസമീപനങ്ങളുടെ ആധികാരികതസംബന്ധിച്ച് അഭിപ്രായവ്യത്യാസമുണ്ടാവാനിടയില്ല. ഏതെങ്കിലുമൊരു വസ്തുവിനെയോ അവസ്ഥയെയോ സമൂഹത്തെയോസംബന്ധിച്ചുള്ള കാഴ്ചപ്പാടുകൾക്കു പുതിയ മാനം കണ്ടെത്തുക; നിലവിലുള്ള അവസ്ഥ വിശദാംശങ്ങളോടെ വ്യക്തമാക്കുക; അതിന്റെ ആവൃത്തി നിർണയിക്കുക; ശേഖരിച്ച വിവരങ്ങളെ പട്ടികപ്പെടുത്തുക എന്നിവയാണു വിവരണാത്മകഗവേഷണം ലക്ഷ്യമിടുന്നത്. വിവരണാത്മകഗവേഷണം മുന്നോട്ടുവയ്ക്കുന്ന ഈ ലക്ഷ്യങ്ങളെല്ലാം സാധൂകരിച്ച ഒരു കൃതിയാണ് ആദിഭാഷ എന്നു വ്യക്തമാണ്.

ചട്ടമ്പിസ്വാമികളുടെ സൂക്ഷ്മനിരീക്ഷണപാടവവും ഗവേഷണപ്രതിഭയും അടുത്തറിയാൻ സാധിക്കുന്ന കൃതിയാണ് ആദിഭാഷ. എന്നിട്ടും, ഗൗരവാവഹങ്ങളായ വ്യാകരണചർച്ചകളിലോ ഭാഷാപരിണാമചർച്ചകളിലോ ആദിഭാഷയെ പരാമർശിച്ചുകാണാറില്ല. എന്നാൽ, ചട്ടമ്പിസ്വാമികളുടെ ഗവേഷണതാത്പര്യങ്ങളെ അന്വേഷിക്കുന്നവർക്ക് ആദിഭാഷയെ അവഗണിക്കാനാവില്ല. കാരണം, ആധുനികഗവേഷണസങ്കല്പങ്ങളുമായി പൊരുത്തപ്പെടുന്ന രീതിയിലാണു വിഷയസ്വീകരണം മുതൽ നിഗമനങ്ങൾവരെയുള്ള എല്ലാ ഘട്ടങ്ങളും ആദിഭാഷയിൽ അവതരിപ്പിച്ചിരിക്കുന്നത്.

## കുറിപ്പുകൾ

1. ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, ഗവേഷണരീതിശാസ്ത്രം, അവതാരിക.
2. ഡോ. ഡി ബഞ്ചമിൻ, സാഹിത്യഗവേഷണത്തിന്റെ രീതിശാസ്ത്രം, പുറം 11. സാഹിത്യവിമർശനത്തെക്കുറിച്ചുള്ള മാത്യൂ ആർനോൾഡിന്റെ കാഴ്ചപ്പാടിനോട് ഈ സമീപനത്തിനുള്ള അടുപ്പം വളരെ വ്യക്തമാണ്. 'Culture and Anarchy'യിലെ 'The Function of Criticism at the Present Time' എന്ന ലേഖനത്തിൽ ഇതിന്റെ വിശദാംശങ്ങൾ ചർച്ചചെയ്യുന്നുണ്ട്.
3. വീചീതരംഗന്യായം: ഓരോ തിര പുറപ്പെട്ട് അതു തീരത്തെത്തും മുൻപ് അടുത്ത തിര എന്ന വിധത്തിലാണു തിരമാല ഉണ്ടാകുന്നത്. അതുപോലെ ഒന്നിനു പുറകെ മറ്റൊന്നായി ഉണ്ടാകുന്നതിനെ കുറിക്കുന്നതാണ് ഈ ന്യായം.
4. കദംബമുകളന്യായം: കടമ്പു മരത്തിന്റെ എല്ലാഭാഗത്തും ഒരുമിച്ചാണു മൊട്ടുണ്ടാകുന്നത്. അതുപോലെ ഒരേസമയത്തു പല സ്ഥലത്തുണ്ടാകുന്നതിനെ കുറിക്കുന്നതാണ് ഈ ന്യായം.





## ആധാരസൂചി


1. അച്യുതനുണ്ണി, ചാത്തനാത്ത്. ഗവേഷണം: പ്രബന്ധരചനയുടെ തത്ത്വങ്ങൾ. ശുകപുരം:വള്ളത്തോൾ വിദ്യാപീഠം, 2011.
2. ബഞ്ചമിൻ ഡി. സാഹിത്യഗവേഷണത്തിന്റെ രീതിശാസ്ത്രം. തിരുവനന്തപുരം: മാളുബൻ പബ്ലിക്കേഷൻസ്, 2012.
3. ഗോപാലകൃഷ്ണൻ, നടുവട്ടം. ഗവേഷണരീതിശാസ്ത്രം. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2002.
4. ഗോവിന്ദപ്പിള്ള പി. കേരളനവോത്ഥാനം ഒരു മാർക്സിസ്റ്റ്വീക്ഷണം. തിരുവനന്തപുരം, ചിന്ത, 2007.
5. പ്രഭാകരവാര്യർ കെ എം. ഗവേഷണപദ്ധതി. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 1982.
6. വിഷ്ണുനമ്പൂതിരി എം വി. ഗവേഷണപ്രവേശിക. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2001.
7. Bateson F W. The Scholar Critic - An Introduction to Literary Research. London: Routledge & Kegan Paul, 1972.
8. Foucault, Michel. The Masked Philosopher, Ethics: Subjectivity and Truth. (Ed.) Paul Rabinow, New York: The New York Press, 1994.
9. Kothari C R. Research Methodology. New Delhi: New Age, 2014.